# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :273 — 09.06.2014-ൽ മറുപടിയ്ക്ക്

### ഹരിതശ്രീ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>,, വർക്കല കഹാർ<br>,, കെ. മുരളീധരൻ<br>,, സണ്ണി ജോസഫ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും<br>സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനം വകുപ്പ് ഹരിതശ്രീ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) ഉണ്ട്. ബഹു. വനം-പരിസ്ഥിതി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.5.2014 ലും, 21.5.2014 ലും ചേർന്ന യോഗതീരുമാനങ്ങളെത്തുടർന്ന്, പങ്കാളിത്ത പാരിസ്ഥിതിക പരിപാലന പദ്ധതി (Participatory Environment Action Programme - PEAP) നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. സംസ്ഥാനത്തിന്റെ നിലനിൽപ്പിനുതന്നെ കാരണമായ അന്യാദൃശ്യ പാരിസ്ഥിതിക ഘടകങ്ങൾ, ജൈവവ്യവസ്ഥ എന്നിവ ഭാവിതലമുറയ്ക്ക് അന്യമാകാതിരിക്കാനായി, അടിസ്ഥാനപരമായ പരിസ്ഥിതി സംരക്ഷണ പദ്ധതികൾ താഴ്ന്ന തലം മുതൽ പൊതുപങ്കാളിത്തത്തോടെയും, ജനപിന്തുണയോടെയും നടപ്പിലാക്കാൻ ലക്ഷ്യമിട്ടുള്ള ടി പദ്ധതിക്ക് സർക്കാർ അനുമതിയും, മാർഗ്ഗരേഖയും 24.05.2014-ലെ സർക്കാർ ഉത്തരവ് നമ്പർ 89/2014/വനം മുഖേന<br><br>പുറപ്പെടുവിച്ചിരുന്നു. "ഒരു മനുഷ്യന് ഒരു മരം" എന്ന പേരിൽ സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം, പ്രത്യേകിച്ച് ഒഴിഞ്ഞുകിടക്കുന്ന പൊതുസ്ഥലങ്ങൾ, പുറമ്പോക്കുകൾ, വിദ്യാലയ പരിസരങ്ങൾ, റോഡരികുകൾ, സ്വകാര്യകൈവശസ്ഥലങ്ങൾ എന്നിവിടങ്ങളിലെല്ലാം പൊതുജനപങ്കാളിത്തത്തോടെയും സംസ്ഥാനത്തുടനീളം വൃക്ഷത്തൈകൾ നടുവാനും, ആയത് ബന്ധപ്പെട്ട വ്യക്തികൾ പരിപാലിച്ച് വളർത്തിയെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനും, ഉദ്ദേശിച്ചുള്ളതാണ് "ഹരിതശ്രീ" പദ്ധതി. ഈ വർഷം ലോകപരിസ്ഥിതി ദിനമായ ജൂൺ 5-ന് |

സംസ്ഥാനമൊട്ടാകെ 10 ലക്ഷം വൃക്ഷതൈകൾ വിദ്യാർത്ഥികൾ, എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി., കുടുംബശ്രീ, സന്നദ്ധസംഘടനകൾ, പരിസ്ഥിതി സംഘടനകൾ, ആർമി, നേവി, പോലീസ്, റെയിൽവേ, തപാൽവകുപ്പ് വിവിധ വകുപ്പുകൾ എന്നിവ മുഖേനയും, വിവിധ തുറകളിലുള്ള ജനങ്ങളുടെ പ ങ്കാളിത്തത്തോടുകൂടിയും രാവിലെ 10.30 - നും 11.30 - നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിതസമയത്ത് നടുവാനും, തുടർന്ന് പരിപാലിച്ച് വളർത്തിയെടുക്കു വാനും ലക്ഷ്യമിട്ടിരുന്നു.

| | |
|---|---|
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) ഈ വർഷത്തെ ലോകപരിസ്ഥിതി ദിനത്തിൽ 05.06.2014 - ന് രാവിലെ 10.30 - നും 11.30 - നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിതസമയത്ത് 10 ലക്ഷം വൃക്ഷതൈകൾ നടുന്നതിനും, ടി തൈകൾ നഷ്ടപ്പെട്ടുപോകാതെ തുടർച്ചയായി പരിപാലിക്കുന്നതിന് അതാത് സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയെ ചുമതലപ്പെടുത്തുന്നതിനും ആയതുവഴി ടി തൈകളെല്ലാം വൃക്ഷമായി മാറി സംസ്ഥാനത്തെ പരിസ്ഥിതിയെ<br><br>പരിപോഷിപ്പിക്കുവാൻ ലക്ഷ്യമിട്ടുള്ളതാണ് ടി പദ്ധതി. പരിസ്ഥിതി പരിപോഷണം ഉറപ്പുവരുത്തുക എന്നത് കൂടാതെ വിദ്യാർത്ഥികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ - അർദ്ധ സർക്കാർ, കേന്ദ്രസർക്കാർ, പൊതുമേഖല, മതസ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജനസംഘടനകൾ, വനസംരക്ഷണ സമിതികൾ, ഇക്കോഡവലപ്മെന്റ് കമ്മറ്റികൾ, സന്നദ്ധസംഘടനകൾ തുടങ്ങി സമൂഹത്തിലെ നാനാതുറയിലുള്ള പൗരൻമാരുടെ പങ്കാളിത്തവും യത്നവും ഇപ്രകാരമുള്ള പരിസ്ഥിതി പരിപാലന പദ്ധതികളിൽ ഉറപ്പുവരുത്തുവാൻ ഈ പദ്ധതി മുഖേന ലക്ഷ്യമിടുന്നു. |
| സി) ഏതെല്ലാം വകുപ്പുകളും സാമൂഹിക സംഘടനകളുമാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | സി) വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, എൻ.സി.സി, എൻ.എസ്.എസ്., എസ്.പി.സി, ഭൂമിത്രസേന തുടങ്ങിയ വിദ്യാർത്ഥി സംഘടനകൾ, യുവജനസംഘടനകൾ, മതസ്ഥാപനങ്ങൾ, കുടുംബശ്രീ, ആർമി, നേവി, പൊതുമേഖലാ സ്ഥാപങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, |

| | |
|---|---|
| | രാഷ്ട്രീയ പാർട്ടികളുടെ യുവജനസംഘടനകൾ, വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ, തപാൽ വകുപ്പ്, വിവിധ സർക്കാർ വകുപ്പുകൾ, നേച്ചർ ക്ലബ്ബുകൾ തുടങ്ങി സമൂഹത്തിലെ നാനാതുറയിലുള്ള പൗരന്മാരും ടി പദ്ധതിയുമായി സഹകരിക്കുന്നു. |
| ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) 2014 ജൂൺ 5 പരിസ്ഥിതി ദിനത്തിൽ രാവിലെ 10.30 - നും 11.30 - നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിതസമയത്ത് സമൂഹത്തിലെ നാനാതുറയിലുള്ള പൗരന്മാരുടെ പങ്കാളിത്തത്തോടുകൂടി സംസ്ഥാനത്തൊട്ടാകെ 10 ലക്ഷം വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിനും, തുടർന്ന് അവയെ പരിപാലിച്ച് വളർത്തിയെടുക്കുവാനുമാണ് ഈ വർഷം ലക്ഷ്യമിട്ടിരുന്നത്. ഇക്കാര്യത്തിൽ വേണ്ട തുടർനടപടികളെടുത്തതിനെത്തുടർന്ന്, ടി ഹരിതസമയത്ത് 19.55 ലക്ഷം തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ